# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3189. 19-06-2019 ൽ മറുപടിയ്ക്ക്

## യുവാക്കളെ കാർഷികരംഗത്തേക്ക് ആകർഷിക്കുന്നതിനായി നടപടി

**ചോദ്യം**
ശ്രീ.കെ. രാജൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യുവാക്കളെ കാർഷികരംഗത്തേക്ക് ആകർഷിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ പരിശീലന കേന്ദ്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കൃഷി വകുപ്പിന്റെ കീഴിൽ കർഷകർക്ക് പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ മേഖല പരിശീലന കേന്ദ്രങ്ങളും, പന്തളം(പത്തനംതിട്ട), വേങ്ങേരി(കോഴിക്കോട്) എന്നിവിടങ്ങളിൽ കർഷക പരിശീലന കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന ആർ റ്റി റ്റി സി-യിലും കർഷക പരിശീലനം നടത്തി വരുന്നു. എല്ലാ പരിശീലനങ്ങളും യുവാക്കൾ ഉൾപ്പെടെയുള്ള കർഷകർക്കായാണ് നടപ്പിലാക്കുന്നത്. |
| (ബി) | പ്രസ്തുത പരിശീലനകേന്ദ്രങ്ങളിലായി എത്ര യുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 2017-18 സാമ്പത്തിക വർഷത്തിൽ 3661 യുവാക്കൾക്കും 2018-19 വർഷത്തിൽ 3607 യുവാക്കൾക്കും പരിശീലനം നൽകിയിട്ടുണ്ട്. കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ, കീട രോഗബാധ, ഭക്ഷ്യസംസ്കരണം തുടങ്ങിയ വിവിധ വിഷയങ്ങളിൽ കാർഷിക കോളേജിലെ ശാസ്ത്രജ്ഞർ, അദ്ധ്യാപകർ, കൃഷി വകുപ്പിലെ വിദഗ്ദ്ധർ തുടങ്ങിയവരാണ് പരിശീലനങ്ങളിൽ ക്ലാസ്സ് എടുക്കുന്നത്. |

സെക്ഷൻ ഓഫീസർ